ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 02.08.2024** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാട്ടിൽ കാണാതായവർക്കായുള്ള തെരച്ചിൽ ഇന്നും തുടരും. ദുരന്ത മേഖലയെ ആറ് സോണുകളായി തിരിച്ചു.

   The search operations will continue in the landslide hit areas of Wayanad. The disaster hit area has been divided into 6 zones.

2. വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിൽ ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. രക്ഷാപ്രവർത്തനത്തിൽ സംതൃപ്തി അറിയിച്ച് സർവ്വകക്ഷിയോഗം.

   CM Pinarayi Vijayan said that all people alive has been rescued from the disaster hit area. The rescue missions done so far was satisfactory reveiwed the all party meet .

3. കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

   In Kerala, heavy rain will continue said IMD. The educational institutions of 7 districts have holiday today.

4. ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം . രാഷ്ട്രപതി ദ്രൗപദി മുർമു അധ്യക്ഷത വഹിക്കും.

   President Droupadi Murmu will preside over a two-day Conference of Governors at Rashtrapati Bhavan commencing from today.

5. പാരിസ് ഒളിമ്പിക്സിൽ ഷൂട്ടിംഗ് യോഗ്യത മത്സരങ്ങളിൽ ഇന്ത്യയുടെ മനു ഭാക്കറും ഇഷ സിംഗും ഇന്നിറങ്ങും .

In Paris Olympics Shooting, India's Manu Bhaker and Isha Singh will play in qualifier round.

6. ഇന്ത്യ - ശ്രീലങ്ക ഏകദിന പരമ്പരയ്ക്ക് ഇന്ന് ശ്രീലങ്കയിൽ തുടക്കം.

In Cricket, India- Srilanka ODI series to will begin today in Srilanka

******************************

## SEARCH-WAYANAD

വയനാട്ടിൽ ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല മേഖലയിൽ കാണാതായവർക്കായുള്ള തെരച്ചിൽ ഇന്നും തുടരും. 40 ടീമുകൾ ഉൾപ്പെടുന്ന ആറ് സംഘങ്ങൾ തെരച്ചിൽ മേഖലയെ ആറ് സോണുകളായി തിരിച്ച് പ്രവർത്തനങ്ങൾ നടത്തുമെന്ന് റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു. വിവിധ സേനാവിഭാഗങ്ങളുടെ സംയുക്ത സംഘമാണ് തെരച്ചിൽ നടത്തുന്നത്. ഇതിന് പുറമെ ചാലിയാറിന്റെ നദീതീരത്തും മൃതദേഹങ്ങൾ തങ്ങാൻ സാധ്യതയുള്ള ഇടങ്ങളിലും തെരച്ചിൽ നടത്തും. ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ നാളെ എത്തുമെന്നും മന്ത്രി അറിയിച്ചു.

******************************

## WAYANAD GENERAL STORY

ഉരുൾപൊട്ടലുണ്ടായ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ അതിജീവനത്തിൻറെ പാതയിൽ. മുണ്ടക്കൈയിൽ സൈന്യം ഒരുക്കിയ താല്ക്കാലിക ബെയ്‌ ലി പാലത്തിലൂടെ വാഹനങ്ങൾ കടത്തി വിട്ടു തുടങ്ങി. ദുരന്തത്തിൽ മരണസംഖ്യ 280 കവിഞ്ഞതായാണ് റിപ്പോർട്ടുകൾ. 189 മരണമാണ്

ഔദ്യോഗികമായി സ്ഥിരീകരിച്ചത്. 98 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി.

*****************************

## CHALIYAR RIVER- DEAD BODIES

മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിൽ നിന്നും കണ്ടെടുത്ത മൃതദേഹങ്ങളുടെ എണ്ണം 172 ആയി. ഇന്നലെ മാത്രം ശരീരാവശിഷ്ടങ്ങൾ ഉൾപ്പടെ 25 മൃതദേഹങ്ങളാണ് കണ്ടെടുത്തത്. ഇതുവരെ 59 മൃതദേഹങ്ങളും 113 ശരീരാവശിഷ്ടങ്ങളുമാണ് ചാലിയാറിൽ നിന്ന് ലഭിച്ചത്.

*****************************

## CM-WAYANAD

വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിൽ ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. രക്ഷാപ്രവർത്തനങ്ങളിൽ സൈന്യം നൽകിയ സേവനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. വയനാട് കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിന് ശേഷം മുഖ്യമന്ത്രി മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാലംഗ മന്ത്രിസഭാ സമിതിയെ നിയോഗിച്ചു. ഉരുൾപൊട്ടൽ ബാധിത മേഖലയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

*****************************

## ALL PARTY MEETING

വയനാട്ടിൽ ഉരുൾപൊട്ടലിനെ തുടർന്ന് മികച്ച രക്ഷാപ്രവർത്തനമാണ് നടന്നതെന്ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽചേർന്ന സർവകക്ഷി യോഗം വിലയിരുത്തി. എല്ലാവരും ഒന്നിച്ചു നിന്ന് പ്രതിസന്ധിഘട്ടം തരണം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. സർക്കാരിന് പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ടെന്നും അദ്ദേഹം അറിയിച്ചു.

*******************************

## CM-WAYANAD PRESS MEET

വയനാട്ടിലെ മേപ്പാടി പഞ്ചായത്ത് ദുരന്ത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടം സന്ദർശിക്കരുതെന്നും അഭിപ്രായം പറയരുതെന്നും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോടും ശാസ്ത്രജ്ഞരോടും ആവശ്യപ്പെടണമെന്ന് നിർദ്ദേശം നൽകിയതായ വാർത്ത തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അത്തരം ഒരു നയം സംസ്ഥാന സർക്കാരിന് ഇല്ല. നിർദ്ദേശം പിൻവലിക്കാൻ വേണ്ട നടപടി എടുക്കാൻ ചീഫ് സെക്രട്ടറിയോട് നിർദേശിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

*******************************

## TOLL FREE NUMBER-WAYANAD

വയനാട്ടിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് കൺട്രോൾ റൂം നമ്പറായ 1077 ൽ വിളിക്കേണ്ടതാണ്. ദുരന്ത നിവാരണ അതോറിറ്റി അറിയിക്കുന്നതിന് അനുസരിച്ച് മാത്രമേ സാധനങ്ങൾ എത്തിക്കേണ്ടതുള്ളൂ. ദുരിതത്തിലായ കുട്ടികൾക്ക് മാനസിക പിന്തുണയ്ക്കായി വനിതാ ശിശു വികസന വകുപ്പിന്റെ ടോൾഫ്രീ

നമ്പറായ 1098 ൽ ബന്ധപ്പെടാം. ആരോഗ്യ വകുപ്പിന്റെ ടെലിമനസ് സേവനവും 24 മണിക്കൂറും ലഭ്യമാണ്. 14416 എന്നതാണ് ടെലിമനസ് ടോൾഫ്രീ നമ്പർ.

******************************

## CM – RELIEF FUND

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവർ എല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ സംഭാവന നൽകി. സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകും.

******************************

## WEATHER KERALA

കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതി ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. തൃശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് എന്നീ ഏഴ് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാകളക്ടർമാർ അവധി പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവത്തിക്കുന്ന സ്കൂളുകൾക്കും അവധിയാണ്. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************************

## PREZ- GOVERNORS CONFERENCE

ഇന്ന് ന്യൂഡൽഹിയിലെ ആരംഭിക്കുന്ന ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അധ്യക്ഷത വഹിക്കും . രാഷ്ട്രപതിയുടെ അധ്യക്ഷതയിൽ ചേരുന്ന ഗവർണർമാരുടെ ആദ്യ സമ്മേളനമാണിത്. രാഷ്ട്രപതി ഭവനിൽ നടക്കുന്ന സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണർമാർ പങ്കെടുക്കും. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കും. ക്രിമിനൽ നിയമങ്ങൾ നടപ്പാക്കൽ, ഉന്നതവിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾ, എന്നിവയുൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യും.

******************************

## PM-JAPANESE DELEGATION

പ്രധാനമന്ത്രി നരേന്ദ്ര മോദി ജപ്പാനിലെ ജനപ്രതിനിധി സഭയുടെ സ്പീക്കർ നുകാഗ ഫുകുഷിറോയുമായും ജപ്പാൻ പാർലമെന്റ് പ്രതിനിധികളുമായും വ്യവസായ പ്രമുഖരുമായും കൂടിക്കാഴ്ച നടത്തി. ജപ്പാനിൽ നിന്നുള്ള കൂടുതൽ നിക്ഷേപത്തിനും സാങ്കേതിക വിദ്യയുമായി ഇന്ത്യയിൽ നടപ്പാക്കിയ അനുകൂലമായ ബിസിനസ് അന്തരീക്ഷവും പരിഷ്കാരങ്ങളും പ്രധാനമന്ത്രി വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തുന്ന പ്രതിനിധി സംഘത്തിന് സർക്കാരിന്റെ പൂർണ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. ഇന്ത്യ-ജപ്പാൻ നയതന്ത്ര ആഗോള പങ്കാളിത്തം, പരസ്പരസഹകരണത്തിന്റെ പ്രാധാന്യം എന്നിവ ആവർത്തിച്ചു വ്യക്തമാക്കുന്നതായിരുന്നു നടപടികൾ . ജാപ്പനീസ് ഭാഷ, സംസ്കാരം, തൊഴിൽ സമ്പ്രദായങ്ങൾ എന്നിവയിൽ വരും തലമുറ പരിശീലനം നേടാനും നുകഗ നിർദ്ദേശിച്ചു.

******************************

## PARIS OLYMPICS ..... INTRO

പാരിസ് ഒളിമ്പിക്സിൽ ഷൂട്ടിംഗ് യോഗ്യത മത്സരങ്ങളിൽ ഇന്ത്യയുടെ മനു ഭാക്കറും ഇഷ സിംഗും ഇന്നിറങ്ങും. 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിലാണ് പോരാട്ടം. ഗോൾഫ് രണ്ടാം റൗണ്ടിൽ ശുഭാങ്കർ ശർമയും ഗഗൻജീത്ത് ഭുല്ലാറും മത്സരിക്കും. അമ്പെയ്ത്തിൽ മിക്സ്ഡ് റീകർവ് ഇനത്തിൽ അങ്കിത ഭഗത്തും ധിരാജ് ബൊമ്മദേവരയും ഇന്ന് മത്സരിക്കുന്നുണ്ട്. അതേസമയം ഇന്നലെ ഇന്ത്യക്ക് നിരാശയുടെ ദിനമായിരുന്നു. ഷൂട്ടിംഗിൽ സ്വപ്നിൽ കുസലെയുടെ വെങ്കലനേട്ടമൊഴിച്ചാൽ ബാഡ്മിന്റൺ, ഹോക്കി ഉൾപ്പെടെയുള്ള മത്സരങ്ങളിൽ ഇന്ത്യക്ക് തിളങ്ങാനായില്ല.

**വിശദാംശങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി ശിവകുമാർ...**

(വോയ്സ്)

*****************************************

## CRICKET

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് 2.30 നാണ് മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. നേരത്തെ, ശ്രീലങ്കയ്ക്കെതിരെ നടന്ന ട്വന്റി- 20 പരമ്പര 3-0ന് ഇന്ത്യ സ്വന്തമാക്കിയിരുന്നു.

*****************************************

## MORN. BIHAR CBI CHARGESHEET

ബിഹാറിലെ നീറ്റ്-യുജി പേപ്പർ ചോർച്ച കേസിൽ 13 പ്രതികൾക്കെതിരെ സിബിഐ ആദ്യ കുറ്റപത്രം സമർപ്പിച്ചു. പേപ്പർ ചോർച്ച കുംഭകോണത്തിൻ്റെ സൂത്രധാരൻ മനീഷ് പ്രകാശ്, സിക്കന്ദർ യാദ്വേന്ദു എന്നിവർക്കും മറ്റ് 11 പേർക്കുമെതിരെ കേസെടുത്തതായി ഏജൻസി അറിയിച്ചു. നീറ്റ്-യുജി പേപ്പർ ചോർച്ച കേസിൽ ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ

വിഭാഗം അന്തർ സംസ്ഥാന സംഘത്തെ പിടികൂടിയിരുന്നു. ഈ വർഷം മേയിൽ പട്നയിലെ ശാസ്ത്രി നഗർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നെങ്കിലും പിന്നീട് ജൂൺ 23ന് സിബിഐക്ക് കൈമാറുകയായിരുന്നു. ഇതുവരെ, കേസിൽ 40 പ്രതികളെ കേന്ദ്ര അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തിട്ടുണ്ട്. പരീക്ഷാ തീയതിക്ക് മുമ്പ് ജാർഖണ്ഡിലെ ഹസാരിബാഗ് കേന്ദ്രത്തിൽ നിന്നാണ് ചോദ്യപേപ്പറുകൾ ചോർന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തി. അതേസമയം, നീറ്റ് - യു ജി പരീക്ഷ റദ്ദാക്കാക്കിയതുമായി ബന്ധപ്പെട്ട പൂർണ്ണ വിധി സുപ്രീംകോടതി ഇന്ന് പ്രസ്താവിക്കും.

*******************************************

## KEDARNATH YATRA SUSPENDED

ഉത്തരാഖണ്ഡിലെ തെഹ്രി, രുദ്രപ്രയാർ ജില്ലകളിൽ കനത്ത മഴ പെയ്യുന്ന സാഹചര്യത്തിൽ കേദാർനാഥ് യാത്ര രണ്ട് ദിവസത്തേക്ക് റദ്ദാക്കി.

***************************************************************************************************************************************